ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത കണക്കാക്കിവരുന്നു.

കുഴൽമന്ദത്ത് പി.ഇ.ടി.സി.-യും പോസ്റ്റ്മെട്രിക് ഹോസ്റ്റലും

110 [995] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിൽ പട്ടികജാതി ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും വേണ്ടിയുള്ള പി.ഇ.ടി.സി.-യും പോസ്റ്റ്മെട്രിക് ഹോസ്റ്റലും തുടങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഇവിടെ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ തുടങ്ങാൻ അനുവാദം നൽകുന്നതിന് കാലതാമസം എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) പി.ഇ.ടി.സി.-ക്ക് പുതിയ കെട്ടിടം പണിയുന്നതിന് 2003-04 ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഭരണാനുമതിയും പ്രത്യേക അനുമതിയും ലഭ്യമാക്കാൻ പട്ടികജാതി വികസന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പി.ഇ.ടി.സി.-യുടെ പ്രിൻസിപ്പലിന്റെയും മറ്റു സ്റ്റാഫുകളുടെയും നിയമനം സംബന്ധിച്ചുള്ള നടപടികൾ ഏതു ഘട്ടത്തിലിരിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പി.ഇ.ടി.സി. തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ തുടങ്ങാൻ അനുവാദം നൽകിയിട്ടില്ല.

(ബി) പോസ്റ്റ്മെട്രിക് ഹോസ്റ്റൽ തുടങ്ങാൻ അനുവാദം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) പി.ഇ.ടി.സി. തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ കെട്ടിടം പണിയുന്നതിന് ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുവാൻ പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസറോട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പ്രിൻസിപ്പാൾ നിയമനത്തിന് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും പാനൽ അയച്ചുതരാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. സ്റ്റെനോ ഗ്രാഫി ഇൻസ്ട്രക്ടറേയും ജൂനിയർ സൂപ്രണ്ടിനേയും നിയമിച്ചിട്ടുണ്ട്. മറ്റു സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly